## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 434

02.12.2014- ലെ മറുപടിക്ക്

### സഹകരണ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എസ്. ശർമ്മ | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്ത് സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ 85 സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമേ സംസ്ഥാന സഹകരണ യൂണിയനുകീഴിൽ 13 സഹകരണ പരിശീലന കോളേജുകളും (HDC), 10 സഹകരണ പരിശീലന കേന്ദ്രങ്ങളും (JDC), മാനേജ്മെന്റ് പഠനത്തിനായി KICMA എന്ന സ്ഥാപനവും പ്രവർത്തിക്കുന്നു.<br><br>സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കേപ്പിന്റെ കീഴിൽ 8 എഞ്ചിനീയറിംഗ് കോളേജുകളും, ഒരു എം.ബി.എ കോളേജും, ഒരു ഫിനിഷിംഗ് സ്ക്കൂളും നിലവിലുണ്ട്. സഹകരണ വകുപ്പിന്റെ മേൽനോട്ടത്തിൽ പരിയാരത്ത് ഒരുമെഡിക്കൽ കോളേജും പ്രവർത്തിക്കുന്നു. |
| ബി) ഏതെല്ലാം കോഴ്സുകളാണ് ഇവിടെ നടത്തിവരുന്നത് ; വിശദമാക്കാമോ; | (ബി) കോ-ഓപ്പറേറ്റീവ് ആർട്ട് ആന്റ് സയൻസ് കോളേജുകളിൽ +1, +2 ക്ളാസുകളും ഡിഗ്രി കോഴ്സുകളും പിജി കോഴ്സുകളും മാനേജ്മെന്റ് കോഴ്സുകളും നടത്തി വരുന്നു.<br><br>എഡ്യൂക്കേഷൻ സഹകരണ സംഘങ്ങളുടെ കീഴിലുള്ള കോ-ഓപ്പറേറ്റീവ് പബ്ളിക് സ്ക്കൂളുകളിൽ LKG മുതൽ 10-ാം ക്ളാസ് വരെയുള്ള ക്ളാസുകൾ നടത്തുന്നു.<br><br>ഐ.റ്റി.സി കളിൽ 2 വർഷം ദൈർഘ്യ മുള്ള കമ്പ്യൂട്ടർഹാർഡ്‌വെയർ കോഴ്സും അഗ്രികൾച്ചറൽ അസിസ്റ്റന്റ് കോഴ്സും ഡ്രാഫ്റ്റ്മാൻ സിവിൽ ഉൾപ്പെടെയുള്ള ഐ.ടി ട്രേഡുകളും നടത്തിവരുന്നു. |

സഹകരണ നേഴ്സിംഗ് കോളേജുകളിൽ ബി.എസ്.സി നഴ്സിംഗ്, എം.എസ്.സി നഴ്സിംഗ് കോഴ്സുകളും, ജനറൽ നഴ്സിംഗ് കോഴ്സുകളും നടത്തുന്നു. കൂടാതെ പാരാമെഡിക്കൽ കോഴ്സുകളും നടത്തിവരുന്നു്.

വടകര എഡ്യൂക്കേഷണൽ സഹ. സംഘങ്ങൾ പോലുള്ള സഹ.സ്ഥാപനങ്ങളുടെ കോളേജുകളിൽ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ്, പ്രീ.പ്രൈമറി ടിച്ചേഴ്സ് ട്രെയിനിംഗ് കോഴ്സ് എന്നിവയും നടത്തിവരുന്നു.

കേപ്പിന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിലും സഹകരണ എഡ്യൂക്കേഷണൽ സഹകരണ സംഘങ്ങളുടെ നിയന്ത്രണത്തിലുള്ള സഹകരണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗുകളിൽ ബി.ടെക് എഞ്ചിനീയറിംഗ് കോഴ്സുകളും, എം.സി.എ കോഴ്സു കളും നടത്തിവരുന്നു.

സംസ്ഥാന സഹകരണ യൂണിയന്റെ നിയന്ത്രണത്തിലുള്ള കോളേജുകളിൽ HDC&BM കോഴ്സും സഹകരണ ട്രെയിനിംഗ് സെന്ററുകളിൽ ജെ.ഡി.സി കോഴ്സും നടത്തുന്നു. സഹകരണ യൂണിയന്റെ നിയന്ത്രണത്തിൽ നെയ്യാർ ഡാമിൽ കിക്മ എന്ന സ്ഥാപന ത്തിലൂടെ MBA, MCA കോഴ്സുകൾ നടത്തുന്നതിന് അനുമതി നൽ കിയിട്ടുണ്ട്.

സഹകരണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റുകളിലും കേപ്പിന്റെ പുന്നപ്ര കോളേജിലും BBA, MBA കോഴ്സുകളും നടത്തിവരുന്നു.

കൂടാതെ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം മൺവിളയിൽ ACSTI എന്ന സ്റ്റാഫ് ട്രയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടും സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ നിയന്ത്രണത്തിൽ എറണാകുളത്ത് ഒരു Staff Training Centre ഉം കേപ്പിന്റെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മേക്കിംഗ് ദി വെസ്റ്റ് എന്നീ സ്ഥാപനങ്ങൾ നടത്തുന്ന ട്രയിനിംഗ് സെന്ററുകളിൽ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് വിവിധ തരം ട്രയിനിംഗ്

കോഴ്സുകൾ നല്കി വരുന്നു. കൺസ്യൂമർ ഫെഡിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഫാർമസി കോളേജിൽ ഡിഫാം കോഴ്സ് നടത്തുന്നു.

പരിയാരത്തുള്ള സഹകരണ മെഡിക്കൽ കോളേജിൽ MBBS കോഴ്സും മെഡിക്കൽ ബിരുദാനന്തര കോഴ്സും, BDS കോഴ്സും, ബീഫാം, എംഫാം കോഴ്സും, ഫാംഡി കോഴ്സും നടത്തിവരുന്നു.

സി) സഹകരണ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

(സി) സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഫീസ് മറ്റ് സ്ഥാപനങ്ങളിലെ ഫീസിനെക്കാൾ കുറവാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസിൽ ഇളവ് നൽകുന്നു. കൂടാതെ എസ്.സി/എസ്.റ്റി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ചില സ്ഥാപനങ്ങൾ 50% ഫീസ് ഇളവും നൽകുന്നുണ്ട്. എസ്.സി/എസ്.റ്റി ഒ.ബി.സി, ഒ.ഇ.സി വിദ്യാർത്ഥികൾക്ക് സർക്കാരിന്റെ ലംപ്സംഗ്രാന്റ്, സ്റ്റൈപന്റ് എന്നിവയും ഭൂരിഭാഗം സ്ഥാപനങ്ങളും നൽകുന്നു കൂടാതെ കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് പ്രകാരമുള്ള സ്കോളർഷിപ്പും മറ്റ് സ്കോളർഷിപ്പുകളും നൽകി വരുന്നു.

കേപ്പിലെ വിദ്യാർത്ഥികൾക്ക് മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ്, സെൻട്രൽ സെക്ടർ സ്കോളർഷിപ്പ്, KPCR സ്കോളർഷിപ്പ്, ട്യൂഷൻ ഫീ വേവർ സ്കീം, എസ്.സി/എസ്.റ്റി, ഒ.ഇ.സി വിഭാഗക്കാർക്ക് ട്യൂഷൻ ഫീസിളവ്, ഡിസ്ട്രിക്ട് മെറിറ്റ് സ്കോളർഷിപ്പ്, മലയാള മനോരമ ഏർപ്പെടുത്തിയിട്ടുള്ള ആനുകൂല്യം, ഒറ്റ പെൺകുട്ടികൾക്കുള്ള ആനുകൂല്യം, ഫിഷർമാൻ സ്കോളർഷിപ്പ് കെട്ടിട നിർമ്മാണം, തയ്യൽ, കയർ, കശുവണ്ടി മേഖലയിൽ ജോലിചെയ്യുന്നവരുടെ മക്കൾക്കുള്ള ക്ഷേമ നിധികൾ എന്നീ ആനുകൂല്യങ്ങൾ അനുവദിച്ചും വരുന്നു.

സെക്ഷൻ ഓഫീസർ